**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

SWC/SWC II/8157/2022 തീയതി: 27.09.2022

<u>പ്രസിദ്ധീകരണത്തിന്</u>

**<u>അഫിലിയേറ്റഡ് കോളേജുകളിലെ ബിരുദ പ്രോഗ്രാമുകളിലെ പ്രവേശനത്തിനുള്ള സ്പോട്ട് അഡ്മിഷൻ</u>**

കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള **സെല്ഫ് ഫിനാൻസിങ് കോളേജുകളിലെ** ബിരുദ പ്രോഗ്രാമുകളിലെ SC/ST ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളിലേക്കും 01/10/2022 തിയ്യതി മുതൽ 03/10/2022 തിയ്യതി വരെ സ്പോട്ട് അഡ്മിഷൻ നടത്തുന്നതാണ്. വേക്കൻസി ലിസ്റ്റ് സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്നവർ 30/09/2022, 5:00 p.m. ന് മുൻപായി അതാത് കോളേജുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

വിവിധ കാരണങ്ങളാൽ അലോട്ട്മെന്റിൽ നിന്ന് പുറത്തായവർക്കും, നിലവിൽ പ്രവേശനം ലഭിച്ചവർക്കും, പ്രവേശനം ലഭിക്കാത്തവർക്കും ഇതുവരെ അപേക്ഷിക്കാത്തവർക്കും സ്പോട്ട് അഡ്മിഷന് അവസരമുണ്ട്.

സംവരണ വിഭാഗത്തിൽപ്പെട്ടവർ ഇൻഡക്സ് മാർക്കിൻറെ അടിസ്ഥാനത്തിൽ ജനറൽ കാറ്റഗറിയിലേക്ക് മാറാൻ സാധ്യതയുള്ളതിനാൽ ജനറൽ കാറ്റഗറിയിൽ ഉള്ള ഒഴിവുകളുടെ എണ്ണത്തിൽ കുറവ് വരാൻ സാധ്യതയുണ്ട്.

സ്പോട്ട് അഡ്മിഷനിൽ പ്രവേശനത്തിന് അർഹരായവരെ കോളേജ് അധികാരികൾ അപേക്ഷയിൽ നൽകിയിരിക്കുന്ന ഫോൺ നമ്പർ മുഖേന ബന്ധപ്പെടുന്നതായിരിക്കും. ഇതിനകം പ്രവേശനം ലഭിച്ച അപേക്ഷകർ, സ്പോട്ട് അഡ്മിഷൻ ലഭിച്ച കോളേജുകളിൽ പ്രവേശനത്തിന് ഹാജരായി പ്രവേശനം ഉറപ്പുവരുത്തിയതിന് ശേഷം മാത്രമേ മുൻപ് പ്രവേശനം ലഭിച്ച കോളേജിൽ നിന്ന് ടി.സി വാങ്ങേണ്ടതുള്ളൂ.

ഹെൽപ്പ് ലൈൻ നമ്പർ: 0497 2715261, 0497 2715284, 7356948230

ഇ-മെയിൽ ഐഡി : ugsws@ kannuruniv.ac.in

വെബ്സൈറ്റ് : www.admission.kannuruniversity.ac.in

അസിസ്റ്റന്റ് രജിസ്ട്രാർ II

രജിസ്ട്രാർക്ക് വേണ്ടി